പൊതുമരാമത്തു വകുപ്പ്
ഡിസൈൻ ആൻറ് അഡ്മിനിസ്ട്രേഷൻ
തിരുവനന്തപുരം

കെ.സുന്ദരൻ
ചീഫ് എഞ്ചിനീയർ

**അർദ്ധ ഔദ്യോഗിക കത്തു നംബർ: PWD/ELS/5717/SPARK/09 Dtd 09-04-13**

പ്രിയപ്പെട്ട ശ്രീ/ശ്രീമതി

വിഷയം:-സ്പാർക്ക് സോഫ്റ്റ് വെയറിൽ ഡാറ്റാ അപ്ഡേറ്റ് ചെയ്യുന്നതു സംബന്ധിച്ച്

സൂചന:- ധനകാര്യ വകുപ്പു സർക്കുലർ നംബർ 62/2012/Fin dtd 16-10-2012
ധനകാര്യ വകുപ്പു സർക്കുലർ നംബർ 65/2012/Fin dtd 01-11-2012
ധനകാര്യ വകുപ്പു സർക്കുലർ നംബർ 15/2013/Fin dtd 02-02-2013
ധനകാര്യ വകുപ്പു സർക്കുലർ നംബർ 27/2013/Fin dtd 05-03-2013

എല്ലാ ഓഫീസുകളിലും സ്പാർക്ക് വഴി ജീവനക്കാരുടെ പൂർണ്ണമായ സേവന/വേതന/വ്യക്തിപര വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് സൂക്ഷിക്കുന്നതിന് വിവിധ സർക്കാർ ഉത്തരവുകൾ വഴി നിർദ്ദേശം നൽകിയിട്ടുള്ളതാണ്. മാത്രമല്ല ഓരോ ജീവനക്കാരൻേറയും സ്ഥലം മാറ്റം, ശിക്ഷണ നടപടികൾ എന്നിവയെല്ലാം സ്പാർക്ക് വഴി ലഭ്യമാക്കണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ജീവനക്കാരുടെ ശമ്പളം നൽകുന്നതിനു മുൻപായി സ്പാർക്കിൽ എല്ലാ ജീവനക്കാരുടേയും പൂർണ്ണമായ വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് ലോക്ക് ചെയ്തിരിക്കുന്നു എന്ന് വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് അതാത് ട്രഷറി ഓഫീസർക്ക് നൽകണമെന്ന് വ്യവസ്ഥയുണ്ട്.

എന്നാൽ പൊതുമരാമത്ത് വകുപ്പിൽ ചെക്ക് മുഖേന ശമ്പളം നൽകുന്നത് കൊണ്ട് പല ഓഫീസുകളിലും സർക്കാർ നിർദ്ദേശം പൂർണമായും നടപ്പിലാക്കിയിട്ടില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഇത്തരത്തിൽ ഡാറ്റ എൻട്രി ചെയ്യുന്നതിന് ഡാറ്റ എൻട്രി ഓപ്പറേറ്റർമാരെ നിയോഗിക്കാവുന്നാതാണെന്ന് 4917/B2/09/ITD dated 13-05-2009 സർക്കുലറിൽ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഓരോ ഓഫീസിലും എസ്റ്റാബ്ലിഷ്മെൻറ് യൂസറുടെ (Establishment User) സഹായത്തോടെ ഡാറ്റ എൻട്രി നടത്തി കൺട്രോളിങ് ഓഫീസർ വെരിഫൈ ചെയ്ത് നൽകിയ സർട്ടിഫിക്കറ്റിൻെറ അടിസ്ഥാനത്തിൽ ആയിരിക്കണം പ്രതിഫലം നൽകുന്നത്. അക്ഷയ സെൻറർ, കുടുംബശ്രീ എന്നിവ വഴിയും വിവരങ്ങളുടെ ഡാറ്റ എൻട്രി നടത്താവുന്നതാണ്. ആയതിനാൽ താങ്കളുടെ കീഴിലുള്ള എല്ലാ ഡി ഡി ഒ (Drawing & Disbursing Officers) മാരിൽ നിന്നും സ്പാർക്കിൽ ഡാറ്റാ അപ്ഡേഷൻ പൂർത്തീകരിച്ചു എന്നും സ്പാർക്കിൽ കൂടിയാണു ശംബളം പ്രോസസ്സ് ചെയ്യുന്നതെന്നും വ്യക്തമാക്കുന്ന ഒരു സർട്ടിഫിക്കറ്റ് ഈ ഓഫീസിലേക്ക് മേയ് 10നകം അയച്ചുതരേണ്ടതാണ്. ഈ സർട്ടിഫിക്കറ്റുകൾ ധനകാര്യവകുപ്പിന് വകുപ്പുതലവൻ സമർപ്പിക്കേണ്ടതായിട്ടുണ്ട്.

ആത്മാർത്ഥതയോടെ

9/4/13

കെ.സുന്ദരൻ